**പതിമൂന്നാം കേരളനിയമസഭ**

അഞ്ചാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 8089. 24.07.2012 ന് മറുപടിയ്ക്ക്.

**പശ്ചിമഘട്ട മലനിരകൾക്ക് സംരക്ഷണം**

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. കെ. എൻ. എ ഖാദർ<br>ശ്രീ.എൻ. എ. നെല്ലിക്കുന്ന്<br>ശ്രീ.റ്റി. എ. അഹമ്മദ് കബീർ<br>ശ്രീ.പി. ബി. അബ്ദുൾ റസാക് | ശ്രീ.കെ.ബി.ഗണേഷ് കുമാർ<br>(വനവും സ്പോർട്സും സിനിമയും വകുപ്പുമന്ത്രി) |
| (എ)പശ്ചിമഘട്ട മലനിരകളെ ഐക്യരാഷ്ട്രസഭ പൈതൃക പർവ്വത മേഖലയിൽ ഉൾപ്പെടുത്തിയ സാഹചര്യത്തിൽ സംസ്ഥാനത്തിന് എന്തൊക്കെ പ്രയോജനങ്ങളാണ് ലഭിക്കാൻ ഇടയുള്ളതെന്ന് വ്യക്തമാക്കുമോ; | (എ) പശ്ചിമഘട്ട മലനിരകളെ പൈതൃക പർവ്വത മേഖലയിൽ ഉൾപ്പെടുത്തിയത് സംബന്ധിച്ച് ഔദ്യോഗികമായി അറിയിപ്പ് ലഭിച്ചിട്ടില്ല. എന്നാൽ ലോക പൈതൃക പട്ടികയിൽ കേരളത്തിൽ ഉൾപ്പെടുന്ന പശ്ചിമഘട്ട പർവത നിരകളിലെ തിരഞ്ഞെടുക്കപ്പെട്ട 5 ഭൂഭാഗങ്ങളെ ഉൾപ്പെടുത്താനുള്ള നിർദ്ദേശം അംഗീകരിച്ചതായുള്ള മാധ്യമ റിപ്പോർട്ടുകൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. ഇപ്രകാരം അംഗീകരിക്കപ്പെട്ടാൽ ടി പ്രദേശങ്ങളിലെ ആവാസ വ്യവസ്ഥകൾക്ക് മൊത്തമായും ലോകാംഗീകാരം ലഭിക്കുകയും ആയതിനാൽ വരുംകാലങ്ങളിൽ ടി പ്രദേശങ്ങളെ ഉൾപ്പെടുത്തിക്കൊണ്ടുള്ള ആവാസസംരക്ഷണ വികസന പ്രവർത്തനങ്ങൾക്കായി രൂപം കൊടുക്കുന്ന പദ്ധതികൾക്ക് ലോക സംഘടനകളിൽ നിന്നും സാമ്പത്തിക സഹായം ലഭിക്കാനുള്ള സാധ്യതയും കൂടുതലാണ്. കൂടാതെ ഇത്തരം അതീവ പൈതൃക പ്രാധാന്യമുള്ള സ്ഥലങ്ങളിലേക്ക് സംസ്ഥാനത്തിന് കൂടുതൽ വിനോദ സഞ്ചാരികളേയും ഗവേഷകരേയും ആകർഷിക്കുവാനും സാധിക്കുന്നതാണ്. |
| (ബി)പശ്ചിമഘട്ടത്തിന്റെ ഒരു ഭാഗം കേരളത്തിലായതിനാൽ പ്രത്യേക സംരക്ഷണനടപടികൾ ഏറ്റെടുക്കേണ്ടി വരുമെന്ന് കരുതുന്നുണ്ടോ; | (ബി) കരുതുന്നില്ല. |

..............2

(സി)വനം, പരിസ്ഥിതി സംരക്ഷണം എന്നിവ സംബന്ധിച്ച് പശ്ചിമഘട്ട മലനിരകളെ അടിസ്ഥാനമാക്കി തയ്യാറാക്കിയ റിപ്പോർട്ടിന്റെ പ്രസക്തമായ ഭാഗങ്ങളുടെ വിവരങ്ങൾ വെളിപ്പെടുത്താമോ?

(സി) ബൃഹത്തായ ഗാഡ്ഗിൽ റിപ്പോർട്ടിലെ കാതലായ നിർദ്ദേശങ്ങളിൽ പശ്ചിമഘട്ട പർവ്വതനിരകളെ "ഇക്കോളജിക്കലി സെൻസിറ്റീവ് ഏരിയ" ആയി പ്രഖ്യാപിക്കുവാനും അവയുടെ പ്രാധാന്യമനുസരിച്ച് മുഴുവൻ പ്രദേശങ്ങളേയും 3 സോണുകളായി തരംതിരിക്കുവാനും ഉള്ള നിർദ്ദേശങ്ങൾ ഉൾപ്പെടുത്തിയിട്ടുണ്ട്. സോൺ I അതീവ പ്രാധാന്യമുള്ളതും, സോൺ II പ്രാധാന്യമുള്ളതും, സോൺ III സാമാന്യേന പ്രാധാന്യമുള്ളതും ആയി കണക്കാക്കുന്നതാണ്. 60 ശതമാനത്തോളം പ്രദേശം സോൺ I ആയും, സോൺ I ഉം സോൺ II ഉം കൂട്ടി ചേർത്താൽ 75 ശതമാനം പ്രദേശങ്ങളും ഉൾപ്പെടണമെന്നും ഈ റിപ്പോർട്ടിൽ ശുപാർശ ചെയ്യുന്നുണ്ട്. പശ്ചിമഘട്ട പർവ്വത നിരകളുടെ മൊത്തമായ സംരക്ഷണ പ്രവർത്തനങ്ങളുടെ മാർഗ്ഗ നിർദ്ദേശങ്ങൾ വെസ്റ്റേൺ ഗട്ട് അതോറിറ്റി എന്ന നിയമാനുസൃതം രൂപം കൊടുത്ത സംവിധാനമായിരിക്കും നൽകുന്നത്. സംസ്ഥാന തലത്തിൽ വെസ്റ്റേൺ ഗട്ട് ഇക്കോളജി അതോറിറ്റിയും ജില്ലാതലത്തിൽ മറ്റു ഇക്കോളജി അതോറിറ്റികളും റിപ്പോർട്ടിൽ ശുപാർശ ചെയ്യുന്നു. പുതിയ അണക്കെട്ടുകൾ, ഖനനപ്രവർത്തികൾ എന്നിവയെല്ലാം റിപ്പോർട്ടിൽ നിയന്ത്രണം ശുപാർശ ചെയ്യുന്നു.

സെക്ഷൻ ഓഫീസർ.